# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.660 29/10/2019-ൽ മറുപടിക്ക്

### വൻകിട/ചെറുകിട ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യം പരിഗണിച്ച് വൻകിട/ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ; | (എ) | ഉണ്ട്.<br>നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളം ഉപയോഗപ്പെടുത്തി 780 MW-ന്റെ ഇടുക്കി വിപുലീകരണ പദ്ധതിയുടെ ഭാഗമായി വെള്ളിയാമറ്റത്ത് ഒരു പുതിയ വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാനത്തിൽ 2018-ൽ ഉണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജലകമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിന് സംഭരണ ശേഷിയുള്ള ഡാമുകളുടെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. അതനുസരിച്ച് സംസ്ഥാനത്ത് മുൻപ് വിഭാവനം ചെയ്തിട്ടുള്ള പൂയംകുട്ടി, പെരിങ്ങൽകുത്ത് മലങ്കര, ടിൻ കല്ലാർ എന്നീ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സാങ്കേതികവും സാമ്പത്തികവുമായ സാധ്യതാപഠനം നടത്തി വരുന്നു. ഇതിന് പുറമേ, വയനാട് ജില്ലയിൽ വൈത്തിരി ജലവൈദ്യുത പദ്ധതിയുടെ (60 MW) ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്, കൂടാതെ അപ്പർ ചാലിയാർ ജലവൈദ്യുത പദ്ധതിയുടെ (84 MW) സാധ്യതാപഠനം നടന്നുവരുന്നു. മേൽ സൂചിപ്പിച്ചതു കൂടാതെ 40 MW സ്ഥാപിതശേഷിയുള്ള മാങ്കുളം ജലവൈദ്യുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സ്ഥലമേറ്റെടുപ്പ് നടപടികൾ അതിവേഗം പുരോഗമിക്കുന്നു.<br><br>ചെറുകിട ജലവൈദ്യുത പദ്ധതികളായ ആനക്കയം (7.5 MW) ഒലിക്കൽ (5 MW) പൂവാരംതോട് (3 MW) എന്നിവ ടെൻഡർ |

| | | | |
|---|---|---|---|
| | | | ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികളായ പശുക്കടവ് (4 MW), ചാത്തൻകോട്ടുനട (5 MW), കീരിത്തോട് (12 MW) എന്നിവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനുപുറമെ ചെറുകിട ജലവൈദ്യുത പദ്ധതികളായ അപ്പർ ചെങ്കുളം (24 MW), ലാഡ്രം (3.5 MW), മാർമ്മല (7 MW), ചെമ്പുകടവ്-III (7.5 MW), പീച്ചാട് (3 MW), മാരിപ്പുഴ (6 MW), വളാം തോട് (7.5 MW) എന്നീ പദ്ധതികൾ ബോർഡിന്റെ പരിഗണനയിലാണ്. |
| (ബി) | ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം നൽകുമോ? | (ബി) | ആതിരപ്പിള്ളി ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട പവർഹൗസ് പ്രദേശത്ത് വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ